

# ഗുരുവായൂരപ്പന്റെ ഗോകുലം പശുക്കളുടെ നരകം

സ്വന്തം ലേഖകൻ

ഗുരുവായൂർ: ആനകളെ മാത്രമല്ല ധാരാളം പശുക്കളെയും ഗുരുവായൂരപ്പന് ഭക്തന്മാർ വഴിപാടായി സമർപ്പിക്കുന്നുണ്ട്. ആനകളെ നടയിരുത്തുമ്പോൾ പത്രങ്ങൾ നല്കുന്ന വാർത്താപ്രാധാന്യം പശുക്കൾക്ക് നല്കുന്നില്ലെന്നതിനാൽ പലരും അറിയുന്നില്ല എന്നുമാത്രം.

ഗോപാലനായ കൃഷ്ണന് ഇങ്ങനെ വഴിപാടായി ലഭിക്കുന്ന ഗോക്കളെ ഗുരുവായൂർ ദേവസ്വം വേങ്ങാട് സ്ഥാപിച്ചിട്ടുള്ള ഗോകലം പശു വളർത്തൽ കേന്ദ്രത്തിലാണ് വളർത്തുന്നത്. വളാഞ്ചേരി- പെരിന്തൽമണ്ണ റോഡിനരികിലെ ഈ ഗോശാലയിൽ സന്ദർശനം നടത്തിയ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ ഹോണററി അനിമൽ വെൽഫെയർ ഓഫീസറായ ശ്രീ. വിനോദ്കുമാർ ദാമോദർ ആ ഗോശാലയിൽ നടക്കുന്ന ഗോപീഡനത്തെക്കുറിച്ച് കേരളീയത്തോട് സംസാരിക്കുകയുണ്ടായി.

നടയ്ക്കിരുത്തിയ ആനകളോട് കാട്ടുന്ന ക്രൂരതയേക്കാൾ ഭീകരമാണ് ദേവസ്വം അധികൃതർ പശുക്കളോട് കാണിക്കുന്നത്. ഗോകലത്തിലെ സാഹചര്യങ്ങളിൽ പശുക്കൾ വളരുന്നതിനേക്കാൾ സാധ്യത മരിക്കുന്നതിനാണ്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ 52 പശുക്കൾ ഇവിടെ ചത്തു. കാരണം - ഭക്ഷണമില്ലായ്മ, മരുന്നും ചികിത്സയും കിട്ടായ്ക.

520 പശുക്കളാണ് ഇപ്പോൾ ഇവിടെയുള്ളത്. പശുക്കളെ പാർപ്പിക്കാൻ കെട്ടിയിരിക്കുന്ന ഷെഡിൽ അതിൽ പകുതി പശുക്കളെ പാർപ്പിക്കാനേ പറ്റൂ. ബാക്കി മുന്നൂറോളം പശുക്കൾ ഷെഡ്ഡിനോട് ചേർന്ന വെളിമ്പറമ്പിലാണ് എല്ലാസമയത്തും കഴിയേണ്ടിവരുന്നത്- പൊരിവെയിലും മഴയും മഞ്ഞും ഒക്കെ സഹിച്ച്.

ഈ പറമ്പാകട്ടെ, നിരപ്പാക്കാത്ത ഒരു സ്ഥലമാണ്. ഒരു പശുവിന്റെ മുൻകാലുകളും പിൻകാലുകളും ഒരേ ഉയരത്തിൽ വയ്ക്കാനുള്ള നിരപ്പുപോലും ഇല്ലാത്ത സ്ഥലം.

മുട്ടോളം പുതഞ്ഞുപോകുന്ന ചെളിയാണ് അവിടെ ആകെ. ചെളിയിൽ തപ്പിത്തടഞ്ഞുവേണം പശുക്കൾക്കു നടക്കാൻ. ഈ തപ്പിത്തടഞ്ഞുള്ള നടത്തത്തിനിടയിൽ വീണ് എല്ലുപൊട്ടി ആ തകരാറുമായി ജീവിതാവസാനം വരെ വേദന തിന്നു നടക്കേണ്ടിവരുന്നു പലതിനും.

ഇത്രയും പശുക്കളുടെ കാര്യങ്ങൾ നോക്കാൻ ഇരുപതിൽതാഴെ ജോലിക്കാരാണുള്ളത്. ഇത്രയും പണിക്കാരെക്കൊണ്ട് ഇത്രയും പശുക്കളെ നോക്കാനാകില്ല. അതുകൊണ്ട് എല്ലാ പശുക്കൾക്കും വേണ്ടത്ര ഭക്ഷണമോ പരിചരണമോ ചികിത്സയോ മരുന്നോ ഒന്നും ലഭിക്കുന്നില്ല. കൃത്യമായി ഭക്ഷണവും വെള്ളവും കിട്ടിയിരുന്നെങ്കിൽ ചത്ത 52 പശുക്കളിൽ ഭൂരിഭാഗവും ചാവില്ലായിരുന്നു.

കോടികളുടെ ആസ്തിയും ഒളിമങ്ങാത്ത കീർത്തിയുമുള്ള ഈ ക്ഷേത്രത്തിലേക്ക് തങ്ങൾ ഭക്തിയോടെ, സ്നേഹത്തോടെ ഏൽപ്പിച്ചുകൊടുക്കുന്ന മിണ്ടാപ്രാണികളെ എങ്ങനെയാണ് ദേവസ്വം പരിപാലിക്കുന്നതെന്ന് പശുക്കളെ വഴിപാട് നല്കുന്നവർ ആലോചിക്കാറുണ്ടോ? എന്തായാലും ഇത്ര നികൃഷ്ടവും പീഡിതവുമായ ഒരു അന്തരീക്ഷം ലോകത്തിലെ മറ്റൊരു മൃഗപരിപാലന കേന്ദ്രത്തിലും ഉണ്ടാകാനിടയില്ല.



ഒരു മാനേജരും സൂപ്പർവൈസറും മൃഗഡോക്ടറും രണ്ട് ലൈവ് സ്റ്റോക്ക് ഉദ്യോഗസ്ഥരും മേൽനോട്ടത്തിനായി ഉള്ള ഒരിടത്താണ് ഈ പീഡനം നിലനിൽക്കുന്നത് എന്നറിയുക. 52 പശുക്കൾ ഒരുമിച്ച് ചത്തതിനു വ്യക്തമായ ഒരു കാരണം പറയാൻ മൃഗഡോക്ടർക്കാവുന്നില്ല. മാരകമായ പകർച്ച വ്യാധികളൊന്നും ഇവിടെ പശുക്കൾക്കില്ലെന്ന് മൃഗഡോക്ടർ പറയുന്നു. പിന്നെ, എങ്ങനെ ഇതു സംഭവിച്ചുവെന്നതിനു തൃപ്തികരമായ വിശദീകരണമില്ല. അധികാരികൾക്കൊഴികെ ബാക്കി നാട്ടുകാർക്കെല്ലാം കാരണമറിയാം.

പശുക്കളെ പോറ്റാനാവില്ലെങ്കിൽ പശുക്കളെ നട തള്ളുന്നതിൽ നിന്നു ഭക്തരെ വിലക്കുകയാണ് ദേവസ്വം ചെയ്യേണ്ടത്. ഗുരുവായൂരപ്പന്റെ സ്വന്തം പേരിൽ ഈ ക്രൂരത ഇനിയും തുടരരുത്. പശുക്കളെ നടയ്ക്കിരുത്തിയവരും മൃഗസ്നേഹികളും ഇക്കാര്യത്തിൽ താൽപ്പര്യം കാണിക്കുകയും വേണം.

(വിവരങ്ങൾക്ക് കടപ്പാട്: വിനോദ്കുമാർ ദാമോദർ,
ബ്രീസ്, ചെറൂട്ടി നഗറിനടുത്ത്,
കോഴിക്കോട്-6)